ഉത്തരം

(എ) 2003-04 വർഷത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ 7903-ഉം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ 1034-ഉം ആണ്.

(ബി) ഇല്ല.

സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് സ്വീകരിച്ച നടപടി

110 [709] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി കൊടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സ്ക്കൂളുകൾക്ക് ഈ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അൺ എയ്ഡഡ് സ്കൂളുകൾക്കൊന്നും എയിഡഡ് പദവി നൽകിയിട്ടില്ല.

ഓലഷെഡുകൾ മാറ്റി പുതിയ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടി

111 [710] ശ്രീ. യു. സി. രാമൻ:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മമ്മൂട്ടി:
,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ഗവൺമെന്റ് സ്കൂളുകൾ ഓലഷെഡിൽ പ്രവർത്തിക്കുന്നു എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഓലഷെഡിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് പകരം കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മുഴുവൻ സ്കൂളുകൾക്കും പുതിയ കെട്ടിടങ്ങൾ എന്നത്തേക്ക് നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly